# Malayala Manorama
# 20 August 2018
# Aroor, Flood Victims, Flood Relief

## പ്രളയ ബാധിതരിലേക്കു നീളുന്ന സഹായ ഹസ്തങ്ങൾ

അരൂർ ● പ്രളയ ദുരിതമനുഭവിക്കുന്നവർക്കു സഹായവുമായി വിവിധ സംഘടനകൾ രംഗത്ത്. ചേർത്തല താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങിയ ക്യാംപുകളിലേക്കാണു സഹായം എത്തിക്കുന്നത്. റോട്ടറി ക്ലബ് ഓഫ് അരൂർ സാറ്റ്ലൈറ്റ് സിറ്റിയുടെ നേതൃത്വത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളജിൽ ക്യാംപിൽ കഴിയുന്ന രണ്ടായിരം പേർക്കാണ് ഉച്ചഭക്ഷണം നൽകിയത്. സെന്റ് മൈക്കിൾസ് കോളജിലെ ക്യാംപിൽ കഴിയുന്നവർ കുട്ടനാട് മേഖലയിലുള്ളവരാണ്. നടനും തിരക്കഥാകൃത്തുമായ രഞ്ജിത് പണിക്കരും റോട്ടറി ഭാരവാഹികൾക്കൊപ്പമുണ്ടായിരുന്നു. റോട്ടറി ദുരിതാശ്വാസ ഡിസ്ട്രിക്ട് കോഓർഡിനേറ്റർ ഡോ. ടീനാ ആന്റണി, പ്രസിഡന്റ് ഡി.കെ. ഹാരിഷ്, സെക്രട്ടറി ജയൻ തോപ്പിൽ, കിരൺമാർഷൽ, സി.കെ. ഷൈൻ, ഗോപാലകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. തുറവൂർ മഹാക്ഷേത്ര ഭക്തജന സമിതിയുടെ നേതൃത്വത്തിൽ രണ്ടു ദിവസം തുർച്ചയായി ക്യാംപുകളിലേക്കു ഭക്ഷണം നൽകി. പുന്നപ്ര, അരൂർ മേഖലയിലെ വിവിധ ഭാഗങ്ങളിലെ രണ്ടായിരത്തോളം പേർക്കാണ് ഉച്ചഭക്ഷണം നൽകിയത്. യൂത്ത് കോൺഗ്രസ്, ഡിവൈഎഫ്ഐ, പുലയർമഹാസഭ, എൻഎസ്എസ് എന്നീ സംഘടനകളും ക്യാംപുകളിൽ സഹായം എത്തിക്കുന്നുണ്ട്.

